(ബി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്റ്റ് ആന്റ് റൂൾസ് അനുസരിച്ച് നടപടി എടുത്തുവരുന്നു. 2003-2004 വർഷത്തിൽ 150 മെഡിക്കൽ ഷോപ്പുകളുടെ ലൈസൻസുകൾ സസ്പെൻഡു ചെയ്തിട്ടുണ്ട്. 10-ലധികം സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മരുന്ന് പരിശോധന സ്വകാര്യ ലബോറട്ടറികളെ ഏൽപ്പിക്കുന്ന നടപടി

158 [1737] ശ്രീ. ജോർജ്ജ് ജെ. മാത്യു:
" അടൂർ പ്രകാശ്:
" ടി. യു. രാധാകൃഷ്ണൻ:
" ഇ. എം. അഗസ്തി:
" കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധനയ്ക്ക് കിട്ടുന്ന അലോപ്പതി മരുന്നുകൾ സ്വകാര്യ ലബോറട്ടറികളിൽ കൊടുത്ത് പരിശോധിപ്പിക്കാറുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ വർഷം എത്ര മരുന്നുകൾ സ്വകാര്യ ലബോറട്ടറികളിൽ പരിശോധിപ്പിച്ചു;

(സി) അതിനുവേണ്ടി എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഇല്ല

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല

ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളും മരുന്ന് പരിശോധനയും

159 [1738] ശ്രീ. സി. പി. മുഹമ്മദ്:
" ടി. യു. രാധാകൃഷ്ണൻ:
" കെ. സി. വേണുഗോപാൽ:
" അടൂർ പ്രകാശ്:
" തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിമാസം എത്ര ബാച്ച് അലോപ്പതി മരുന്നുകൾ വിൽക്കപ്പെടുന്നതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ബി) ഈ മരുന്നുകൾ പരിശോധിച്ച് അവയുടെ ഗുണമേന്മ ഉറപ്പു വരുത്താറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly